"ഭരണഭാഷ മാതൃഭാഷ"

നം.എസ് 2(എ) 22132/2017/ഡി.പി.ഐ

പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ
കാര്യാലയം, തിരുവനന്തപുരം,
തീയതി :16.12.2017.

## സർക്കുലർ

വിഷയം:- പൊതുവിദ്യാഭ്യാസ വകുപ്പ് - ഡി.പി.ഐ. - സ്റ്റാറ്റിസ്റ്റിക്സ് - 2017-18 അധ്യയന വർഷം സെപ്റ്റംബർ 30 നെ ആധാരമാക്കി കുട്ടികളുടെ വിവരങ്ങൾ - ഓൺലൈനായി സ്കൂളുകളിൽ നിന്നും ശേഖരിക്കുന്നത് സംബന്ധിച്ച്.

2017-18 അദ്ധ്യയന വർഷത്തിലെ സംസ്ഥാന സിലബസിൽ പഠിക്കുന്ന സർക്കാർ, എയ്ഡഡ്, അൺഎയ്ഡഡ് (അംഗീകൃതം) സ്കൂളുകളിലെ കുട്ടികളുടെ വിവരങ്ങൾ സെപ്റ്റംബർ 30 അടിസ്ഥാനമാക്കി സമ്പൂർണ്ണ സോഫ്റ്റ് വെയറിൽ താഴെ പറയുന്ന നിബന്ധനകൾക്ക് വിധേയമായി അപ്ഡേറ്റ് ചെയ്യേണ്ടതാണ്.

1. 2017-18 അദ്ധ്യയന വർഷം ആറാം പ്രവൃത്തിദിനത്തിനു ശേഷം വന്ന മാറ്റം ഉൾക്കൊണ്ട് കുട്ടികളുടെ വിവരങ്ങൾ ഓരോ സ്കൂളിൽ നിന്നും സമ്പൂർണ്ണ സോഫ്റ്റ് വെയറിൽ ഡിസംബർ 31 നകം അപ്ഡേറ്റ് ചെയ്യേണ്ടതാണ്.
2. എ.ഇ.ഒ/ഡി.ഇ.ഒ മാരുടെ പരിധിയിൽ വരുന്ന എല്ലാ സ്കൂളുകളും വിദ്യാർത്ഥികളുടെ വിവരങ്ങൾ അപ്ഡേറ്റ് ചെയ്തിട്ടുണ്ടെന്ന് 03.01.2018 നു മുമ്പായി ഉറപ്പുവരുത്തേണ്ടതാണ്.
3. വിദ്യാഭ്യാസ ഉപഡയറക്ടർമാർ തങ്ങളുടെ പരിധിയിൽ വരുന്ന സ്കൂളുകളിലെ കുട്ടികളുടെ വിവരങ്ങൾ പരിശോധനയ്ക്ക് വിധേയമാക്കി 05.01.2018 നു മുമ്പായി പൂർത്തീകരിച്ച് പൊതുവിദ്യാഭ്യാസ ഡയറക്ടർ ഓഫീസിൽ പരിശോധനയ്ക്കും വിശകലനം ചെയ്യുന്നതിനും ലഭ്യമാക്കേണ്ടതാണ്.
4. 20.01.2018 നു മുമ്പായി പൊതുവിദ്യാഭ്യാസ വകുപ്പിലെ സ്റ്റാറ്റിസ്റ്റിക്സ് വിഭാഗം 2017-18 അദ്ധ്യയന വർഷത്തെ കുട്ടികളുടെ എണ്ണവും അനുബന്ധവിവരങ്ങളും സംബന്ധിച്ച അന്തിമ റിപ്പോർട്ട് തയ്യാറാക്കി പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ അംഗീകാരത്തിനായി സമർപ്പിക്കേണ്ടതാണ്.
5. 2017-18 അദ്ധ്യയന വർഷത്തെ കുട്ടികളുടെ കണക്ക് ഫൈനലൈസ് ചെയ്ത് റിപ്പോർട്ട് തയ്യാറാക്കുന്നതിന്റെ പ്രാധാന്യം ഉൾക്കൊണ്ട് ചുമതലപ്പെട്ട ഉദ്യോഗസ്ഥർ ഈ വിഷയത്തിൽ പ്രത്യേകം ശ്രദ്ധ ചെലുത്തേണ്ടതാണ്.

മുകളിൽ പറഞ്ഞ രീതിയിൽ 'സമ്പൂർണ്ണ' സോഫ്റ്റ്വെയർ വഴി സ്കൂളുകളിൽ നിന്നും ഡാറ്റ ശേഖരിക്കുന്നതിനും തുടർന്ന് വിവിധ തലങ്ങളിൽ പരിശോധനയ്ക്ക് വിധേയമാക്കി വിശകലനം ചെയ്ത് റിപ്പോർട്ട് തയ്യാറാക്കുന്നതിനും ആവശ്യമായ സാങ്കേതിക സഹായം **കൈറ്റ്** നൽകുന്നതാണ്.

പൊതുവിദ്യാഭ്യാസ ഡയറക്ടർ

സ്വീകർത്താവ്

1. എക്സിക്യൂട്ടീവ് ഡയറക്ടർ, കൈറ്റ്,
2. ജില്ലകളിലെ വിദ്യാഭ്യാസ ഉപഡയറക്ടർമാർ,
3. ജില്ലാ വിദ്യാഭ്യാസ ഓഫീസർ/
4. ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർ
5. ഹെഡ്മാസ്റ്റർ/ഹെഡ്മിസ്ട്രസ്, എല്ലാ സർക്കാർ/എയ്ഡഡ്/അൺഎയ്ഡഡ് (അംഗീകൃതം) സ്കൂളുകൾക്കും (എ.ഇ.ഒ/ഡി.ഇ.ഒ. മുഖേന)